"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 11-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പന്തളം ബ്ലോക്ക് പഞ്ചായത്ത് - പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകാനുള്ള പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.274/2022/LSGD തീയതി,തിരുവനന്തപുരം, 08-02-2022

---

പരാമർശം:-

1. പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2021 ലെ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതിയുടെ 11.01.2022-ലെ തീരുമാനം നം.4.34

**ഉത്തരവ്**

പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 പള്ളിയോടങ്ങൾക്ക് 10,000/- രൂപ വീതം ഗ്രാന്റ് നൽകാനുള്ള (ആകെ 70,000/- രൂപ) പ്രോജക്ടിന് അനുമതി നൽകണമെന്ന അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും മറ്റ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ഈ പള്ളിയോടങ്ങൾക്ക് ഈ വർഷം ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2.മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 7 പള്ളിയോടങ്ങൾ ക്ക് 10,000/- രൂപ വീതം ഗ്രാന്റ് നൽകാനുള്ള പ്രോജക്ടിന് (*പ്രോ.നം:* 128/22) മറ്റ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ഈ പള്ളിയോടങ്ങൾക്ക് ഈ വർഷം ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, പന്തളം ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട

ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 09-02-2022 11:48:36
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്